13077
24/6/17

കേരള സർക്കാർ

<u>സംഗ്രഹം</u>

വനം-വന്യജീവി വകുപ്പ്- കേരള ഫോറസ്റ്റ് സ്കൂൾ അരിപ്പയിലെ 61-ാമത് ബാച്ച് ബീറ്റ് ഫോറസ്റ്റ് ഓഫീസർ ട്രെയിനികളുടെ ഗാർഡ് ഓഫ് ഓണർ ചടങ്ങിൽ പങ്കെടുക്കുന്നതിൽ വീഴ്ച വരുത്തിയ ശ്രീ എ.എൻ.അബ്ദുൾ ബഷീർ, റെയിഞ്ച് ഫോറസ്റ്റ് ഓഫീസർക്കെതിരെയുള്ള അച്ചടക്കനടപടി തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**വനം വന്യജീവി (എ) വകുപ്പ്**

സ.ഉ. (സാധാ) നം.205/2017/വനം തീയതി, തിരുവനന്തപുരം, 30.05.2017

പരാമർശം:- 1) 18.09.2015 ലെ അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (ഭരണം) റുടെ ബി6-42786/2014 നമ്പർ ഉത്തരവ്

2) 29.05.2016 ലെ 10676/എ 2/2015/വനം നമ്പർ കുറ്റപത്രവും കുറ്റാരോപണ പത്രികയും

3) 01.08.2016 ൽ ശ്രീ.എ.എൻ.അബ്ദുൾ ബഷീർ സമർപ്പിച്ച പ്രതിവാദ പത്രിക

**<u>ഉത്തരവ്</u>**

അരിപ്പ ഫോറസ്റ്റ് സ്കൂളിലെ 61-മാത് ബാച്ച് ബീറ്റ് ഫോറസ്റ്റ് ഓഫീസർമാരുടെ പാസ്സിംഗ് ഔട്ടിന്റെ ഭാഗമായി 03.05.2014 ന് രാവിലെ 11 മണിക്ക് നടന്ന ഗാർഡ് ഓഫ് ഓണർ ചടങ്ങിൽ ഹാജരാകാതിരുന്ന കേരള ഫോറസ്റ്റ് സ്കൂളിലെ ഇൻസ്ട്രക്ടർ ശ്രീ.എ.എൻ.അബ്ദുൾ ബഷീറിനെതിരെ അച്ചടക്ക നടപടി സ്വീകരിക്കുവാൻ അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (ഭരണം) ശുപാർശ ചെയ്തിരുന്നു.

2. 03.05.2014 ന് രാവിലെ 11 മണിക്ക് ഗാർഡ് ഓഫ് ഓണറിന് കൃത്യസമയത്ത് ടിയാൻ ഹാജരായിരുന്നില്ല എന്നും വിശിഷ്ടാതിഥി എത്തിച്ചേരുന്നതിനു മുൻപേ തന്നെ അദ്ദേഹത്തെ സ്വീകരിക്കുന്നതിനുള്ള ഏർപ്പാടുകൾ ചെയ്യുവാനും ട്രെയിനികളുടെ 'ടേൺ ഔട്ട്' പരിശോധിക്കുവാനും ചുമതലയുള്ള ടിയാൻ 10 മണിക്ക് തന്നെ 'നീറ്റ് ടേൺ ഔട്ട്' ൽ ഓഫീസിൽ ഹാജരാകേണ്ടതായിരുന്നു. എന്നാൽ മുഖ്യാതിഥി ആയ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഐ.എച്ച്.ആർ.ഡി) അന്നേ ദിവസം 11 മണിക്ക് ഗാർഡ് ഓഫ് ഓണർ സ്വീകരിച്ച് ഓഫീസിൽ എത്തിയതിന് ശേഷം മാത്രമാണ് ടിയാൻ റിപ്പോർട്ട് ചെയ്തത് എന്നും ഡിപ്പാർട്ട്മെന്റിലെ ഉത്തരവാദിത്വമുള്ള ഉദ്യോഗസ്ഥനെന്ന നിലയിൽ മേലധികാരികൾ സന്നിഹിതരായ ചടങ്ങിൽ ടിയാന്റെ ഭാഗത്ത് നിന്ന് ഉണ്ടായ മേൽ പറഞ്ഞ കൃത്യവിലോപം ഗുരുതരമായ അച്ചടക്ക ലംഘനമാണെന്നും അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (ഭരണം) റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

3. പ്രസ്തുത ഗാർഡ് ഓഫ് ഓണർ ചടങ്ങിൽ ടിയാനോടൊപ്പം ഇൻസ്ട്രക്ടർമാരായ ശ്രീ.ബി.ചന്ദ്രശേഖരൻ, ശ്രീ.റ്റി.എസ്.അശോകൻ, ശ്രീ.എ.എൽ.സന്തോഷ് എന്നിവർ കൃത്യസമയത്ത് ഹാജരായിരുന്നില്ല.

4. ടിയാന്മാരുടെ ഭാഗത്ത് നിന്ന് ഉണ്ടായ മേൽ പറഞ്ഞ കൃത്യവിലോപത്തിന്റെ പേരിൽ ടി ഉദ്യോഗസ്ഥർക്കെതിരെ അച്ചടക്ക നടപടി സ്വീകരിക്കണമെന്ന് അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (വിജിലൻസ്) ശുപാർശ ചെയ്തതിൻ പ്രകാരം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (ഭരണം) തലത്തിൽ കുറ്റപത്രം നൽകി അച്ചടക്ക നടപടി ആരംഭിച്ചു.

5. സർവ്വശ്രീ.ബി.ചന്ദ്രശേഖരൻ, റ്റി.എസ്.അശോകൻ, എ.എൽ.സന്തോഷ് എന്നിവർ സമർപ്പിച്ച വിശദീകരണങ്ങൾ പരിഗണിച്ചുകൊണ്ട് ശ്രീ.എ.എൽ.സന്തോഷിന്റെ ഒരു വാർഷിക വേതന വർദ്ധനവ് സഞ്ചിതഫല പ്രാബല്യമില്ലാതെ മൂന്ന് മാസത്തേയ്ക്ക് തടയുന്നതിനും, ശ്രീ.ബി.ചന്ദ്രശേഖരൻ, ശ്രീ.റ്റി.എസ്.അശോകൻ എന്നിവർ ഇപ്പോൾ സർവ്വീസിൽ നിന്ന് വിരമിച്ചതിനാൽ ടിയാന്മാരുടെ ഒരു വാർഷിക വേതന വർദ്ധനവ് സഞ്ചിതഫല പ്രാബല്യമില്ലാതെ മൂന്നു മാസത്തേയ്ക്ക് തടയുന്നതിന് തുല്യമായ തുക ടിയാന്മാരുടെ ഡി.സി.ആർ.ജിയിൽ നിന്നും ഈടാക്കുവാനും തീരുമാനിച്ച് പരാമർശം (1) പ്രകാരം ഉത്തരവായിട്ടുണ്ട്.

6. ശ്രീ.എ.എൻ.അബ്ദുൾ ബഷീർ, റെയിഞ്ച് ഫോറസ്റ്റ് ഓഫീസറുടെ വിശദീകരണം തൃപ്തികരമല്ലാത്തതിനാൽ ടിയാനെതിരെ കഠിനശിക്ഷയ്ക്കുള്ള അച്ചടക്ക നടപടി സ്വീകരിക്കുന്നതിന് അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (ഭരണം) ശുപാർശ ചെയ്തു.

7. തുടർന്ന് ടിയാനെതിരെ കഠിനശിക്ഷയ്ക്കുള്ള അച്ചടക്കനടപടി സർക്കാർ തലത്തിൽ ആരംഭിക്കുന്നതിന്റെ ഭാഗമായി പരാമർശം (2) പ്രകാരം കുറ്റപത്രവും കുറ്റാരോപണ പത്രികയും നൽകുകയുണ്ടായി. ടിയാനെതിരെയുള്ള ചാർജ്ജുകൾ ചുവടെ ചേർക്കുന്നു.

1) അരിപ്പ കേരള ഫോറസ്റ്റ് സ്കൂളിലെ 61-ാമത് ബാച്ച് ബീറ്റ് ഫോറസ്റ്റ് ഓഫീസർമാരുടെ പാസ്സിംഗ് ഔട്ടിന്റെ ഭാഗമായി 03.05.2014-ന് രാവിലെ 11.00 മണിക്ക് നടന്ന ഗാർഡ് ഓഫ് ഓണർ ചടങ്ങിൽ ഹാജരായില്ല.

2) ട്രെയിനിംഗ് സ്കൂളിലെ ആകെയുള്ള പ്രവർത്തനത്തിൽ ധിക്കാരവും നിഷേധവും അച്ചടക്കമില്ലായ്മയും നിസ്സഹകരണ മനോഭാവവും നിരന്തരമായി പ്രകടിപ്പിച്ചുവരുന്നു.

3) ഔദ്യോഗിക കൃത്യനിർവ്വഹണത്തിൽ ഗുരുതരമായ വീഴ്ച വരുത്തി.

8. കുറ്റാരോപണ പത്രിക/കുറ്റപത്രത്തിനു പരാമർശം (3) പ്രകാരം സമർപ്പിച്ചിട്ടുള്ള പ്രതിവാദ പത്രികയിൽ ശ്രീ.എ.എൻ.അബ്ദുൾ ബഷീർ താഴെപ്പറയും പ്രകാരം വാദിച്ചിരുന്നു. 03.05.2014 ൽ നടന്ന ഗാർഡ് ഓഫ് ഓണറിന്റെ സമയം നോട്ടീസിലും ബാനറിലും രാവിലെ 11.30 എന്നായിരുന്നു. ടിയാൻ ഉൾപ്പെട്ട അഞ്ച് റെയിഞ്ചാഫീസർമാരാണ് ഈ കാലയളവിൽ സ്കൂളിൽ ജോലി ചെയ്തിരുന്നത്. റെയിഞ്ചാഫീസറായ ശ്രീ.സുരേഷ് ബാബുവിന് ആയിരുന്നു 61-ാമത് ബാച്ചിന്റെ ചാർജ്ജ്. റെയിഞ്ചാഫീസർമാരായ ശ്രീ.ബി.ചന്ദ്രശേഖരൻ, ശ്രീ.റ്റി.എസ്. അശോകൻ, ശ്രീ.എൽ.സന്തോഷ് എന്നിവരും തന്നോടൊപ്പം ഡ്യൂട്ടിയിൽ ഉണ്ടായിരുന്നു. തങ്ങൾ രാവിലെ 9 മണിക്ക് മുമ്പായി തയ്യാറായി അവരവരുടെ ക്വാർട്ടേഴ്സിൽ ഉണ്ടായിരുന്നു. വിശിഷ്ടാതിഥി അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഐ.എച്ച്.ആർ.ഡി) രാവിലെ 10 മണിക്കു മുമ്പ് തന്നെ

സ്ഥലത്തെത്തിയിരുന്നു. അപ്പോൾ ട്രെയിനികളുടെ കായിക പരിശീലകനായ പോലീസ് ഡിപ്പാർട്ട്മെന്റിൽ നിന്നുള്ള ഹെഡ് കോൺസ്റ്റബിൾ ട്രെയിനികൾക്ക് ആവശ്യമായ നിർദ്ദേശങ്ങൾ നൽകുകയായിരുന്നു. അപ്പോൾ അവിടെയെത്തിയ ചീഫ് ഗസ്റ്റ്, ട്രെയിനികളുടെ അടുത്തെത്തി സല്യൂട്ട് സ്വീകരിച്ചു. ക്വാർട്ടേഴ്സിൽ നിന്നിരുന്ന തങ്ങൾ നാലുപേരും വളരെ പെട്ടെന്ന് തന്നെ സ്ഥലത്തെത്തി. അപ്പോഴേയ്ക്കും അദ്ദേഹം പ്രിൻസിപ്പലിന്റെ ക്യാബിനിൽ എത്തിയിരുന്നുവെന്നും, കൂടാതെ ടിയാൻ 28 വർഷമായി വനം വകുപ്പിൽ ജോലി ചെയ്യുകയാണെന്നും ഈ കാലയളവിൽ ടിയാനെതിരെ മേലധികാരികളോട് ധിക്കാരപരമായി പെരുമാറിയതിനോ കൃത്യ നിർവ്വഹണത്തിൽ വീഴ്ച വരുത്തിയതിനോ ചാർജ്ജുകൾ ഒന്നും തന്നെയില്ലായെന്നും ഇനി 17 മാസത്തെ സർവ്വീസ് മാത്രമേ ഉള്ളൂവെന്നും ടിയാന്റെ ജൂനിയറായ 17-ഓളം ഉദ്യോഗസ്ഥർക്കു പ്രൊമോഷൻ ലഭിച്ചുവെന്നും അർഹതപ്പെട്ട പ്രൊമോഷൻ ലഭിക്കേണ്ട സമയം അധികരിച്ചുവെന്നും ആകയാൽ കുറ്റവിമുക്തനാക്കണമെന്നും അഭ്യർത്ഥിക്കുകയുണ്ടായി.

9. ശ്രീ.എ.എൻ അബ്ദുൾ ബഷീർ, റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ സമർപ്പിച്ച പ്രതിവാദ പത്രികയിന്മേൽ അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (ഭരണം) അഭിപ്രായം ലഭ്യമാക്കിയിട്ടുണ്ട്.

10. ഗാർഡ് ഓഫ് ഓണർ ചടങ്ങ് സംബന്ധിച്ച വിഷയത്തിൽ ഔദ്യോഗിക കൃത്യനിർവ്വഹണത്തിൽ ടിയാന് ഗുരുതര വീഴ്ച പറ്റിയിട്ടുള്ളതാണ്. മറ്റ് മൂന്ന് റെയിഞ്ച് ഫോറസ്റ്റ് ഓഫീസർമാരുടെ പേരിലുള്ള നടപടി ലഘുശിക്ഷയായി തീർപ്പാക്കിയിട്ടുള്ളതാണ്. കേവലം 17 മാസത്തെ സർവ്വീസ് മാത്രമേ ബാക്കിയുള്ളൂ എന്നതിനാലും, ഒരു പ്രൊമോഷൻ കൂടി ലഭിക്കാൻ സാധ്യതയുള്ളതിനാലും, ടിയാന്റെ സർവ്വീസിനെ അച്ചടക്ക നടപടി പ്രതികൂലമായി ബാധിക്കുമെന്നതു കൂടി കണക്കിലെടുത്ത് ടിയാനെ നേരിൽ കേൾക്കുവാൻ അവസരം നൽകിക്കൊണ്ട് ദയാപരമായ പരിഗണനയിൽ ഒരു ലഘുശിക്ഷ നൽകി ടി അച്ചടക്ക നടപടി അവസാനിപ്പിക്കാവുന്നതാണെന്ന് അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (ഭരണം) ശുപാർശ ചെയ്യുകയുണ്ടായി.

11. ഈ വിഷയത്തിൽ 20.04.2017 ന് ടിയാനെ നേരിൽ കേട്ടു. പ്രതിവാദ പത്രികയിൽ പറഞ്ഞ കാര്യങ്ങൾ തന്നെയാണ് നേരിൽ കേട്ടതിലും വ്യക്തമാക്കിയത്. പാസിംഗ് ഔട്ടിന്റെ ഭാഗമായുള്ള ഗാർഡ് ഓഫ് ഓണർ ചടങ്ങിന്റെ അനുബന്ധ ജോലികൾ തലേന്ന് രാത്രി 2 മണി വരെ ചെയ്യുകയുണ്ടായെന്നും, എന്നിട്ടും 9 മണിക്ക് മുമ്പായി തന്നെ കൃത്യമായും എത്തിയതായും ടിയാൻ അറിയിച്ചു. മനപൂർവ്വമായ യാതൊരു അനാസ്ഥയും കാണിച്ചിട്ടില്ലെന്നും വ്യക്തമാക്കി. 31.01.2018 ൽ സർവ്വീസിൽ നിന്നും വിരമിക്കുമെന്നും, 2014 ൽ ലഭിക്കേണ്ടതായ പ്രൊമോഷൻ ഇതേ വരെ ലഭിച്ചിട്ടില്ലായെന്നും ടിയാൻ അറിയിച്ചു.

12. ഈ വിഷയം വിശദമായി പരിശോധിച്ചതിൽ കൃത്യസമയത്ത് ഹാജരാകാത്തതിന് നൽകിയിട്ടുള്ള വിശദീകരണം തൃപ്തികരമല്ല എന്ന് കാണുന്നു. ആയതിനാൽ ഒന്നാമത്തെ ചാർജ്ജ് നിലനിൽക്കുന്നു. എന്നാൽ വനം വകുപ്പിലെ മൊത്തം സർവ്വീസ് വിലയിരുത്തുമ്പോൾ ടിയാൻ പരിഗണന അർഹിക്കുന്നു എന്ന അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റിന്റെ (ഭരണം) ശുപാർശ അംഗീകരിക്കാവുന്നതാണ്. സർക്കാരിന് യാതൊരു വിധ സാമ്പത്തിക നഷ്ടവും ഈ വിഷയത്തിൽ സംഭവിച്ചിട്ടില്ല.

ഗാർഡ് ഓഫ് ഓണർ ചടങ്ങിനു മുമ്പും പിമ്പുമുള്ള എല്ലാ ജോലികളിലും ടിയാൻ സഹകരിച്ചതായും മനസ്സിലാക്കുന്നു. എന്നിരുന്നാലും ചടങ്ങിന്റെ സമയത്തുള്ള ടിയാന്റെ അഭാവം ഒരു ഉത്തരവാദിത്വപ്പെട്ട ഉദ്യോഗസ്ഥനു ചേർന്നതല്ല എന്ന് കാണുന്നതിനാൽ പ്രസ്തുത വീഴ്ചയ്ക്ക് ടിയാൻ ഉത്തരവാദിയാണ്. എന്നാൽ എല്ലാ വസ്തുതകളും വിലയിരുത്തുമ്പോൾ ആയതിന് കഠിന ശിക്ഷ നൽകേണ്ട സാഹചര്യം നിലനിൽക്കുന്നില്ലെന്നു കാണുന്നു. ഒരേ സമയത്താണ് എല്ലാ കുറ്റാരോപിതരും എത്തിയത് എന്നതിനാൽ ശ്രീ.എ.എൻ.അബ്ദുൾ ബഷീറിനു മാത്രമായി വേറിട്ട ശിക്ഷ നിശ്ചയിക്കുന്നത് സ്വാഭാവിക നീതി നിഷേധമാണ്. ആയതിനാൽ മറ്റ് കുറ്റാരോപിതർക്ക് നൽകിയ പോലെ ഒരു വാർഷിക വേതന വർദ്ധനവ് മൂന്ന് മാസത്തേയ്ക്ക് തടയുക എന്ന ലഘുശിക്ഷ നൽകി ശ്രീ.എ.എൻ.അബ്ദുൾ ബഷീറിനെതിരെയുള്ള അച്ചടക്ക നടപടി തീർപ്പാക്കി ഇതിനാൽ ഉത്തരവാകുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
നാസറുദ്ദീൻ.എ
അണ്ടർ സെക്രട്ടറി

അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്(ഭരണം)
ശ്രീ എ.എൻ.അബ്ദുൾ ബഷീർ, റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ (അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്(ഭരണം)മുഖേന)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ) കേരള, തിരുവനന്തപുരം
വിവര സമ്പർക്ക വകുപ്പ് (വെബ് & ന്യൂ മീഡിയ)
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ